**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3424** **26-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നാളിതുവരെ നടപ്പാക്കിയിട്ടുണ്ടെന്നും അവയുടെ പുരോഗതിയും വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം നിയോജക മണ്ഡലത്തിലെ ആനക്കയം, പുൽപ്പറ്റ, മൊറയൂർ എന്നീ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. ആനക്കയം ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലും മൊറയൂർ ഗ്രാമപഞ്ചായത്തിൽ മൂന്ന് വർഷ പദ്ധതിയായി 2019-20, 2020-21 എന്നീ വർഷങ്ങളിലും പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ രണ്ട് വർഷ പദ്ധതിയായി 2014-15, 2015-16 എന്നീ വർഷങ്ങളിലുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. മൊറയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പ സാമ്പത്തിക വർഷം (2021-22) കേരഗ്രാമത്തിന്റെ മൂന്നാം വർഷ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും സമഗ്ര നാളികേര കൃഷി വികസനത്തിനുമായി കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. തെങ്ങുകൾക്ക് സംയോജിത വളപ്രയോഗം നൽകിയതും, ജലസേചനപദ്ധതികൾ നടപ്പിലാക്കിയതും നാളികേര ഉല്പാദനവും, ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. കൂടാതെ ഇടവിള കൃഷിയായ ഇഞ്ചി, മഞ്ഞൾ, മരച്ചീനി, ചേമ്പ്, ചേന എന്നിവ തെങ്ങിൻ തോപ്പിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കേരകർഷകന്റെ വരുമാനം വർദ്ധിക്കുന്നതിനും കേരഗ്രാമം പദ്ധതി സഹായിച്ചിട്ടുണ്ട്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് കേരഗ്രാമങ്ങളെ കുറിച്ച് നടത്തിയ പഠനത്തിൽ കേരഗ്രാമം നടപ്പിലാക്കിയ പ്രദേശത്തെ തെങ്ങിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 10739 നാളികേരം ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | ഈ സാമ്പത്തിക വർഷം മറ്റ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽക്കൂടി പദ്ധതി നടപ്പാക്കുമോ? | (സി) | 250 ഹെക്ടർ പ്രദേശത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നതും |

| | | | |
|---|---|---|---|
| | | | മുൻവർഷങ്ങളിൽ കേരഗ്രാമത്തിനായി തിരഞ്ഞെടുക്കാത്തതുമായ പഞ്ചായത്തുകളെയാണ് മുൻഗണന നൽകി കേരഗ്രാമം സ്ഥാപിക്കാനായി പുതുതായി തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**<u>മലപ്പുറം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ</u>**

**I. ആനക്കയം ഗ്രാമപഞ്ചായത്ത്**

(i) 2018-19 സാമ്പത്തിക വർഷം താഴെ പറയുന്ന ഇനങ്ങൾക്കായി 250 ഹെക്ടർ സ്ഥലത്ത് 47.43981 ലക്ഷം രൂപയുടെ പദ്ധതി ഒന്നാം വർഷം നടപ്പിലാക്കി. പദ്ധതി പ്രകാരം 1696 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയത്.

| **ക്രമ നമ്പർ** | **പദ്ധതി ഘടകങ്ങൾ** | **ഭൗതിക നേട്ടം** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|---|---|
| 1 | തടം തുറക്കൽ, പുതയിടീൽ | 43750 തെങ്ങുകൾക്ക് | 15.3125 |
| 2. | കുമ്മായ പ്രയോഗം | 43750 തെങ്ങുകൾക്ക് | 3.9375 |
| 3 | മഗ്നീഷ്യം സൾഫേറ്റ് നൽകൽ | 43750 തെങ്ങുകൾക്ക് | 1.64063 |
| 4 | രോഗബാധിത തെങ്ങ് വെട്ടിമാറ്റൽ | 850 തെങ്ങുകൾക്ക് | 8.5000 |
| 5 | തെങ്ങിൻതൈകൾ വിതരണം | 595 എണ്ണം | 0.22313 |
| 6 | ഇടവിളകൃഷി വികസനം (ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, മരച്ചീനി) | 173 ഹെക്ടർ | 10.38555 |
| 7 | തെങ്ങുകയറ്റ യന്ത്രം | 311 എണ്ണം | 6.22 |
| 8 | ജൈവവള ഉല്പാദന യൂണിറ്റ് | | 0.2 |
| 9 | കൃഷിഭവനുള്ള പ്രവർത്തനഫണ്ട് | | 0.12045 |
| 10 | പഞ്ചായത്തുതല കേരസമിതിയ്ക്കുള്ള ആനുകൂല്യം (Group Level Activity) | | 0.90005 |
| | **ആകെ തുക** | | **47.43981** |

(ii)ആനക്കയം ഗ്രാമപഞ്ചായത്തിൽ 2-ാം വർഷ കേരഗ്രാമം പദ്ധതിയ്ക്കായി 2019-20 സാമ്പത്തിക വർഷം 19.6875 ലക്ഷം രൂപയുടെ ആനുകൂല്യം നൽകി. 1696 ഗുണഭോക്താക്കൾക്കായാണ് പ്രസ്തുത തുക നൽകിയത്.

| **ക്രമ നമ്പർ** | **പദ്ധതി ഘടകങ്ങൾ** | **ഭൗതിക നേട്ടം** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|---|---|
| 1 | തടം തുറക്കൽ | 43750 തെങ്ങ് | 10.5 |
| 2 | 43750 തെങ്ങുകൾക്ക് ജൈവവള പ്രയോഗം | 43750 തെങ്ങ് | 9.1875 |
| | **ആകെ തുക** | | **19.6875** |

(iii) ആനക്കയം ഗ്രാമപഞ്ചായത്തിൽ 3-ാം വർഷം (2020-21) 250 ഹെക്ടർ സ്ഥലത്ത് 1696 ഗുണഭോക്താക്കൾക്കായി 43750 തെങ്ങുകൾക്ക് ജൈവവളം നൽകുന്നതിനായി 6.25 ലക്ഷം രൂപ ചെലവഴിച്ചു.

**(II) മൊറയൂർ ഗ്രാമപഞ്ചായത്ത്**

(i) കേരഗ്രാമം പദ്ധതിയുടെ 1-ാം വർഷം (2019-20) പ്രവർത്തനങ്ങളുടെ ഭാഗമായി 935 ഗുണഭോക്താക്കൾക്ക് 39.67553 ലക്ഷം രൂപയുടെ സഹായധനം താഴെപറയും പ്രകാരം ലഭ്യമാക്കി.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | ഭൗതിക നേട്ടം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | തടം തുറക്കൽ, പുതയിടീൽ | 43750 തെങ്ങുകൾക്ക് | 15.31099 |
| 2. | കുമ്മായ പ്രയോഗം | 43750 തെങ്ങുകൾക്ക് | 3.9375 |
| 3 | മഗ്നീഷ്യം സൾഫേറ്റ് നൽകൽ | 43750 തെങ്ങുകൾക്ക് | 1.64059 |
| 4 | രോഗബാധിച്ച തെങ്ങ് വെട്ടിമാറ്റൽ | 173 തെങ്ങുകൾ | 1.730 |
| 5 | ഇടവിളകൃഷി വികസനം | 244.6 ഹെക്ടർ | 7.3392 |
| 6 | ജലസേചന പദ്ധതി | 12.463 ഹെക്ടർ | 1.88425 |
| 7 | തെങ്ങുകയറ്റ യന്ത്രം | 321 എണ്ണം | 6.42 |
| 8 | ജൈവവള നിർമ്മാണ യൂണിറ്റ് | 8 എണ്ണം | 0.30 |
| 9 | കൃഷി ഭവൻ പ്രവർത്തനഫണ്ട് | | 0.15 |
| 10 | പഞ്ചായത്ത്തല കേരസമിതിയ്ക്ക് ധനസഹായം (Group Level Activity) | | 0.963 |
| | **ആകെ തുക** | | **39.67553** |

(ii) മൊറയൂർ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം കേരഗ്രാമത്തിന്റെ രണ്ടാം വർഷ പ്രവർത്തനങ്ങൾക്കായി 19.56625 ലക്ഷം രൂപ ചെലവഴിച്ചു.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | ഭൗതിക നേട്ടം | ചെലവഴച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | തടമെടുക്കൽ | 43750 തെങ്ങിന് | 10.9375 |
| 2 | ജൈവവള പ്രയോഗം | 43750 തെങ്ങുകൾക്ക് | 8.54 |
| 3 | പഞ്ചായത്തുതല കേരസമിതിയ്ക്ക് ധനസഹായം | | 0.04875 |
| 4 | കൃഷി ഭവന് പ്രവർത്തനഫണ്ട് | | 0.04 |
| | **ആകെ ചെലവഴിച്ച തുക** | | **19.56625** |

**III. പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്**

(i) 2014-15 സാമ്പത്തിക വർഷം 500 ഹെക്ടർ സ്ഥലത്ത് കേരഗ്രാമം പദ്ധതി നടപ്പിലാക്കി. അതിൻപ്രകാരം 2956 ഗുണഭോക്താക്കൾക്കായി 77.14925 ലക്ഷം രൂപ ചെലവഴിച്ചു.

| ക്രമ | പദ്ധതി ഘടകങ്ങൾ | ഭൗതിക നേട്ടം | ചെലവഴിച്ച തുക |
|---|---|---|---|

| നമ്പർ | | | (ലക്ഷം) |
|---|---|---|---|
| 1 | തടം എടുക്കൽ | 87500 തെങ്ങുകൾക്ക് | 26.25 |
| 2. | ജൈവവള പ്രയോഗം | 87500 തെങ്ങുകൾക്ക് | 21.875 |
| 3 | കുമ്മായ പ്രയോഗം | 87500 തെങ്ങുകൾക്ക് | 5.25 |
| 4 | രോഗബാധിത തെങ്ങ് മുറിച്ചുമാറ്റൽ | 576 തെങ്ങ് | 2.88 |
| 5 | ഇടവിളകൃഷി വികസനം | 54.8 ഹെക്ടർ | 3.28775 |
| 6 | പമ്പ്സെറ്റ് നൽകൽ | 234 എണ്ണം | 16.0065 |
| 7 | തെങ്ങ് കയറ്റയന്ത്രം നൽകൽ | 50 എണ്ണം | 1.0 |
| 8 | കൃഷി ഭവൻ പ്രവർത്തനഫണ്ട് | | 0.5 |
| 9 | കേരസമിതിയ്ക്ക് ധനസഹായം | | 0.1 |
| | **ആകെ തുക** | | **77.14925** |

(ii) കേരഗ്രാമം പദ്ധതി പ്രകാരം പുൽപ്പറ്റ ഗ്രാമപഞ്ചായത്തിൽ 2-ാം വർഷത്തെ സഹായധനമായി 2015-16-ൽ 127.60 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കി.

| ക്രമ നമ്പർ | പദ്ധതി ഘടകങ്ങൾ | ഭൗതിക നേട്ടം | ചെലവഴിച്ച തുക (ലക്ഷം) |
|---|---|---|---|
| 1 | തടം എടുക്കൽ | 87500 തെങ്ങുകൾക്ക് | 26.25 |
| 2. | ജൈവവള പ്രയോഗം | 87500 തെങ്ങുകൾക്ക് | 21.875 |
| 3 | കുമ്മായ പ്രയോഗം | 87500 തെങ്ങുകൾക്ക് | 5.25 |
| 4 | രോഗബാധിത തെങ്ങ് വെട്ടിമാറ്റൽ | 196 തെങ്ങുകൾ | 0.98 |
| 5 | ഇടവിളകൃഷി | 455.3 ഹെക്ടർ | 27.318 |
| 6 | പമ്പ് സെറ്റ് നൽകൽ | 125 എണ്ണം | 10.09708 |
| 7 | തെങ്ങ് കയറ്റയന്ത്രം നൽകൽ | 150 എണ്ണം | 3.00 |
| 8 | കൃഷി ഭവൻ പ്രവർത്തന ഫണ്ട് | | 0.10 |
| 9 | കേരസമിതിയ്ക്ക് സഹായം | | 9.92317 |
| 10 | തെങ്ങിൻ തടങ്ങളിൽ ചകിരി നിറയ്ക്കൽ | 850 എണ്ണം | 0.425 |
| 11 | തെങ്ങിൻ തൈകൾ | 667 എണ്ണം | 0.16675 |
| 12 | മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് | | 0.19 |
| 13 | തെങ്ങിൻ തൈ നഴ്സറി | | 0.15 |
| 14 | സൂക്ഷ്മാണു വള പ്രയോഗം | 500 ഹെക്ടർ | 21.875 |
| | **ആകെ തുക** | | **127.60** |